2023
Nov- Dec

Digital News Report
*made with*
Free Softwares

# വോയ്സ്
Mirror of Santhome

*powered by*
Little KITEs
Santhome HSS Kolakkad

ലക്കം 1
ദളം 1

*The Fortnight News Bulletin*
Santhome HSS Kolakkad, Kolakkad P O, Kannur
പ്രതിമാസ വാർത്താപത്രിക

## സംസ്ഥാന വിജയികളെ അനുമോദിച്ചു...

കേരള സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ഇംഗ്ലീഷ് ഉപന്യാസ രചനയിൽ 'A' ഗ്രേഡ് കരസ്ഥമാക്കിയ **ജിസ് മരിയ ജെയ്സൺ**, സംസ്ഥാന ശാസ്ത്രമേളയിൽ ഗണിത ശാസ്ത്ര വിഭാഗത്തിൽ നമ്പർ ചാർട്ട് മത്സരത്തിൽ 'A' ഗ്രേഡ് കരസ്ഥമാക്കിയ **ഗിഫ്റ്റി പി ജോൺ** എന്നിവരെ ആദരിച്ചു...





## കളഞ്ഞു കിട്ടിയ പേഴ്സ് ഉടമസ്ഥനെ കണ്ടെത്തി തിരികെ നൽകി വിദ്യാർത്ഥികൾ

കൊളക്കാട് :നാടിനു മാതൃകയായി കൊളക്കാട് സാന്തോം ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ.കളഞ്ഞു കിട്ടിയ പണവും ,രേഖകളുടങ്ങിയ പേഴ്സ് ഉടമസ്ഥനെ അന്വേഷിച്ച് കണ്ടുപിടിച്ചാണ് സാന്തോമിലെ വിദ്യാർത്ഥികൾ കൈമാറിയത്.ചെങ്ങോം സ്വദേശി തേട്ടത്തിൽ ബെന്നി ജോസിന്റെ പേഴ്സാണ് എഡ്വിവിൻ വർഗീസ്, മെൽബിൻ രാജു എന്നിവർക്ക് കളഞ്ഞു കിട്ടിയത്. പേഴ്സ് ഇവർ സ്കൂൾ അധികൃതരെ ഏൽപ്പിക്കുകയും പിന്നീട് ഉടമസ്ഥന് കൈമാറുകയും ചെയ്തു.സ്കൂളിൽ നടന്ന ചടങ്ങിൽ പ്രിൻസിപ്പാളും അധ്യാപകരും ചേർന്ന് കുട്ടികളെ അനുമോദിച്ചു.



## കൊളക്കാട് സാൻതോം ഹയർ സെക്കന്ററി സ്കൂളിൽ ക്രിസ്തുമസ് ആഘോഷം നടത്തി..

ബാന്റ് മേളങ്ങളുടെ അകമ്പടിയോടെ, ക്രിസ്തുമസ് പാപ്പാമാരുടെ സാന്നിധ്യത്തിൽ പുൽക്കൂടൊരുക്കി സ്കൂളിൽ ക്രിസ്തുമസ് ആഘോഷിച്ചു... കരോൾ ഗാനം, പാപ്പാ ഡാൻസ് തുടങ്ങിയ മത്സരങ്ങൾ ആഘോഷങ്ങൾക്ക് മാറ്റു കൂട്ടി.. സ്കൂൾ മാനേജർ റവ ഫാ തോമസ് പട്ടാംകുളം ക്രിസ്തുമസ് സന്ദേശം നൽകി... എല്ലാ ക്ലാസ്സിലും അധ്യാപകരുടെ നേതൃത്വത്തിൽ കേക്ക് മുറിച്ചു...



## കൊളക്കാട് സാൻതോം ഹയർ സെക്കന്ററി സ്കൂളിൽ ശിശുദിനം ആഘോഷിച്ചു....

ശിശുദിന സന്ദേശം നൽകിക്കൊണ്ടും മധുരം വിതരണം ചെയ്തും സ്കൂളിൽ ശിശുദിനം ആഘോഷിച്ചു.. സ്കൂൾ ഹെഡ്മിസ്ട്രെസ് ശ്രീമതി സോളി തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ അൽന മനോജ് സന്ദേശം നൽകി... ജന്മദിനം ആഘോഷിക്കുന്ന കുട്ടികൾ സ്കൂളിന് വൃക്ഷതൈകൾ സമ്മാനമായി നൽകുകയും ചെയ്തു...




## രജത ജൂബിലി സമാപന സമ്മേളനം നടത്തി...

കൊളക്കാട് സാൻതോം ഹയർസെക്കന്ററി സ്കൂളിന്റെ രജത ജൂബിലി സമാപന സമ്മേളനം നവംബർ 23 വ്യാഴാഴ്ച നടന്നു.. ഒരു വർഷം നീണ്ട ജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട എം എൽ എ അഡ്വ. സണ്ണി ജോസഫ് ആണ്... തലശ്ശേരി അതിരൂപതയുടെ ഇടയൻ മാർ ജോസഫ് പാമ്പ്ലാനി പിതാവ് ചടങ്ങിന് അധ്യക്ഷത വഹിച്ചു.. മറ്റ് വിശിഷ്ട വ്യക്തികളുടെ സാന്നിധ്യവും ഇടവകക്കാരുടെ കലാപരിപാടികളും ചടങ്ങിനെ അവിസ്മരണീയമാക്കി...





**സാൻതോം ഹയർ സെക്കന്ററി സ്കൂൾ കൊളക്കാട്**
**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**